# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 186      19.06.2012 ൽ മറുപടിയ്ക്ക്

## സമാന്തര സർവ്വീസ് കാരണം കെ.എസ്.ആർ.ടി.സി ക്കുണ്ടാകുന്ന നഷ്ടം

| ചോദ്യം<br>ശ്രീമതി പി അയിഷാപോറ്റി<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ.റ്റി.വി. രാജേഷ് | | ഉത്തരം<br>ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സംസ്ഥാനത്ത് സമാന്തര സർവ്വീസ് നടത്തപ്പെടുന്നത് കാരണം കെ.എസ്.ആർ.ടി.സി ക്ക് നഷ്ടം നേരിടുന്നതായി കരുതുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) സാധാരണക്കാരായ ജനങ്ങൾ സമാന്തര സർവ്വീസിനെ ആശ്രയിക്കേണ്ട സാഹചര്യം ഒഴിവാക്കാൻതക്കവിധം കെ.എസ്.ആർ.ടി.സി റൂട്ടുകൾ നിശ്ചയിക്കാൻ തയ്യാറാകുമോ; | (ബി) | മോട്ടോർ വാഹന നിയമങ്ങൾക്ക് വിരുദ്ധമായിട്ടാണ് സമാന്തര സർവ്വീസുകൾ നടത്തുന്നത്. കേരളത്തിലെ ഏതാണ്ട് എല്ലാ റൂട്ടുകളിലും നിലവിൽ കെ.എസ്.ആർ.ടി.സി.യോ സ്വകാര്യ ബസ്സുകളോ സർവ്വീസ് നടത്തുന്നുണ്ട്. കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന ചില റൂട്ടുകളിലാണ് പ്രധാനമായും സമാന്തര സർവ്വീസ് കെ.എസ്.ആർ.ടി.സി. ബസ്സിനു മുന്നേ ഓടുന്നത്. സ്വകാര്യ സ്റ്റേജ് കാര്യേജുകളെയും സമാന്തര സർവ്വീസ് ദോഷകരമായി ബാധിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി. പ്രതിവർഷം 1000 പുതിയ ബസ്സുകൾ നിരത്തിലിറക്കി 600 പുതിയ ഷെഡ്യൂളുകൾ ആരംഭിക്കുക എന്ന ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നതിനാൽ സാധാരണക്കാരായ ജനങ്ങൾക്ക് സമാന്തര സർവ്വീസിനെ ഒട്ടും ആശ്രയിക്കേണ്ട ആവശ്യമില്ല. സമാന്തര സർവ്വീസുകൾ കൂടുതലുള്ള ദേശസാൽകൃത മേഖലയ്ക്ക് മുൻഗണന നൽകിയാണ് പുതിയ സർവ്വീസുകൾ ആരംഭിക്കുന്നത്. കെ.എസ്.ആർ.ടി.സി ഇത്തരത്തിൽ സർവ്വീസുകൾ ലഭ്യമാക്കുമ്പോൾ സമാന്തര സർവ്വീസുകളെ ഒഴിവാക്കി പൊതുഗതാഗത സർവ്വീസുകളെ ആശ്രയിക്കുവാൻ ജനങ്ങൾ തയ്യാറായാൽ ഈ പ്രശ്നത്തിനു പരിഹാരമാകും |
| (സി) സമാന്തര സർവ്വീസ് നടത്തുന്നവർ നിയമപരമല്ലാതെ സർവ്വീസ് | (സി) | സമാന്തര സർവ്വീസ് നിയമവിരുദ്ധമായാണ് നടത്തുന്നത് എന്നതിനാൽ വാഹന പരിശോധനയ്ക്കിടെ അധികൃതരുടെ ശ്രദ്ധയിൽപ്പെടാതിരിക്കാനുള്ള |

| | | |
|---|---|---|
| നടത്തുന്നതിനാൽ അധികാരികളുടെ ശ്രദ്ധയിൽപ്പെടാതിരിക്കാനുള്ള ശ്രമത്തിൽ അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ശ്രമത്തിൽ അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) സമാന്തര സർവ്വീസ് തടയുന്നതിനും യാത്രക്കാർക്ക് ആവശ്യമായ ഗതാഗത സൗകര്യം ലഭ്യമാക്കുന്നതിനും എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | സമാന്തര സർവ്വീസ് തടയുന്നതിന്റെ ഭാഗമായി സർക്കാർ നിർദ്ദേശ പ്രകാരം തിരുവനന്തപുരം നഗരത്തിലെ 7 പ്രധാന കേന്ദ്രങ്ങളിൽ കെ.എസ്.ആർ.ടി.സി.യുടെയും മോട്ടോർ വാഹന വകുപ്പിന്റെയും പോലീസിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സ്ക്വാഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് തന്നെ തിരുവനന്തപുരം നഗരത്തിലും പ്രാന്ത പ്രദേശങ്ങളിലും സമാന്തര സർവ്വീസുകാരുടെ കടന്നുകയറ്റം പരമാവധി നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിംഗിനെ ചുമതലപ്പെടുത്തിക്കൊണ്ട് സമാന്തര സർവ്വീസുകൾ തടയുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ